**<u>കേരള വനം വകുപ്പിലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) (ഭരണ വിഭാഗത്തിന്റെ അധികച്ചുമതല) യുടെ നടപടി ഉത്തരവ്</u>**

**പുറപ്പെടുവിക്കുന്നത്: കെ.ജെ.വറുഗീസ്, ഐ.എഫ്.എസ്.**

വിഷയം: കേരള വനം വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പാസ്ഥാനത്ത് സ്പോർട്ട്സ് ക്വാട്ടയിൽ സൂപ്പർ ന്യൂമററി തസ്തികയിൽ രണ്ട് സീനിയർ സൂപ്രണ്ടുമാരെ 36,600-79,200/- ശമ്പള സ്കെയിലിൽ നിയമനം നൽകിക്കൊണ്ടുള്ള ഉത്തരവ് - സംബന്ധിച്ച്.

സൂചന:
1. സ.ഉ. (കൈ) നമ്പർ 29/2016/കാ.യു.വ., തീയതി 04.03.2016.
2. സ.ഉ. (കൈ) നമ്പർ 6/2017/വനം, തീയതി 27.02.2017.

**<u>ഉത്തരവ് നമ്പർ ഡി3-26643/16 തീയതി: 14..03..2017</u>**

35-ാമത് ദേശീയ ഗയിംസിൽ സംസ്ഥാനത്തിനു വേണ്ടി മികച്ച പ്രകടനം കാഴ്ചവച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ഗസറ്റഡ് തസ്തികയിൽ ജോലി നൽകുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, മികച്ച പ്രകടനം കാഴ്ചവച്ച കുമാരി അനിൽഡ തോമസ്, കുമാരി അനു ആർ എന്നീ കായികതാരങ്ങൾക്ക് വനം വന്യജീവി വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ രണ്ട് സൂപ്പർ സൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കുമാരി അനിൽഡ തോമസിനും കുമാരി അനു ആർ. നും നിയമനം നൽകുന്നതിനായി വനം വകുപ്പ് ആസ്ഥാനത്ത് സീനിയർ സൂപ്രണ്ട് തസ്തികയിൽ 36,600-79,200/- ശമ്പള സ്കെയിലിൽ രണ്ട് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ടി തസ്തികയിൽ കുമാരി അനിൽഡ തോമസിനും കുമാരി അനു ആർ.നും നിയമനം നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് സൂചന (2) പ്രകാരം സർക്കാർ ഉത്തരവായി.

ഈ ഉത്തരവകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കായികതാരങ്ങളെ വനം വകുപ്പ് ആസ്ഥാനത്തിൽ 36,600-79,200/- ശമ്പള സ്കെയിലിൽ ചുവടെ പറയുന്ന വ്യവസ്ഥകൾ പ്രകാരം നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

1. **കുമാരി അനിൽഡ തോമസ്**
   **ചിറ്റയം ഹൗസ്, വടാട്ടുപാറ പി.ഒ.,**
   **കോതമംഗലം, എറണാകുളം 686 681.**

2. **കുമാരി അനു ആർ.,**
   **വടക്കുംപുറം ഹൗസ്,**
   **എരിമയൂർ പി.ഒ.,**
   **പാലക്കാട് ജില്ല 678 546.**

*<u>നിബന്ധനകൾ</u>*

1. *ഈ ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട സൂപ്പർ ന്യൂമററി തസ്തികകളിൽ കുമാരി അനിൽഡ തോമസിനും കുമാരി അനു ആർ.നെയും അല്ലാതെ മറ്റാരേയും നിയമിക്കുന്നതല്ല. ഇവർ വിരമിക്കുകയോ മറ്റ് റഗുലർ തസ്തികകളിൽ ഉൾപ്പെടുകയോ ചെയ്യുന്നതോടെ ടി തസ്തികകൾ ഇല്ലാതാകുന്നതാണ്.*

2. *ഈ ഉത്തരവ് ലഭിച്ച് ജോലിയിൽ പ്രവേശിച്ച് തീയതി മുതൽ 4 വർഷമോ, അല്ലെങ്കിൽ 35 വയസ്സോ ഏതാണോ ആദ്യം വരുന്നത് അതുവരെ ഇവർ ബന്ധപ്പെട്ട കായിക ഇനത്തിൽ പങ്കെടുത്തുകൊള്ളാമെന്നുള്ള സത്യപ്രസ്താവന ജോലിയിൽ പ്രവേശിക്കുമ്പോൾ നൽകേണ്ടതാണ്.*
3. *ടി സൂപ്പർ ന്യൂമററി തസ്തികയിലെ ഇവരുടെ നിയമനം ഒരു റഗുലർ തസ്തികയിൽ ക്രമപ്പെടുത്തിയതിനുശേഷം മാത്രമേ പ്രൊമോഷനും ഉദ്യോഗക്കയറ്റത്തിനുമുള്ള യോഗ്യത ടിയാളുകൾക്ക് ലഭിക്കുകയുള്ളൂ.*
4. *റെഗുലർ തസ്തികയിൽ പ്രവേശിച്ചതിന് ശേഷം വകുപ്പ്തല പരിശിലനം പൂർത്തീകരിക്കേണ്ടതും, പരിശീലനം പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രൊബേഷൻ ആരംഭിക്കുന്നതുമായിരിക്കും.*
5. *സ്പെഷ്യൽ റിക്രൂട്ട്മെന്റ് സംബന്ധിച്ചു നിലവിലുള്ള ചട്ടങ്ങളും, നിയമങ്ങളും ടി ഉദ്യോഗാർത്ഥികൾക്കും ബാധകമായിരിക്കും.*

ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം തിരുവനന്തപുരം വഴുതക്കാട് വനം വകുപ്പ് ആസ്ഥാന ഓഫീസിൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മുമ്പാകെ താഴെപ്പറയുന്ന രേഖകളുമായി ഹാജരാകേണ്ടതാണ്.

- പേര്, ജനനതീയതി, ജാതി, വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റുകൾ.
- അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാതെയുള്ള മെഡിക്കൽ ഓഫീസറിൽ നിന്നുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൂടാതെ 30.06.2011-ലെ 20/2011/ഉ.ഭ.പ.വ. സർക്കുലറിൽ നിർദ്ദേശിച്ചിരിക്കും പ്രകാരം പ്രസ്തുത മെഡിക്കൽ സർട്ടിഫിക്കറ്റിൽ താങ്കളുടെ വിരലടയാളം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ ഫോട്ടോ സഹിതം സമർപ്പിക്കേണ്ടതാണ്.
- സ്വഭാവം പൂർവ്വകാലചരിത്രവും സാക്ഷ്യപ്പെടുത്തികൊണ്ട് രണ്ട് ഗസറ്റഡ് ഓഫീസർമാരിൽ നിന്നും ഫോറം II ലുള്ള സർട്ടിഫിക്കറ്റ്.
- ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രൊഫോർമയും സ്പാർക്ക് ഫോമും യഥാവിധി പൂരിപ്പിച്ച് ഹാജരാക്കേണ്ടതാണ്.
- ജോലിയിൽ പ്രവേശിച്ച് 10 ദിവസത്തിനകം സംസ്ഥാന സർക്കാർ ജീനക്കാർക്കുള്ള പുതിയ ഒരു Service Book, Gazetted Entitlement Register, 2 Passport size Photo-കളും (6 മാസത്തിനുള്ളിൽ എടുത്തത്) ഹാജരാക്കേണ്ടതാണ്.
- ടിയാളുകളുടെ ജനനതീയതി ജോലിയിൽ ഹാജരാക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അംഗീകരിക്കുന്നതാണ്. ജനനതീയതി തിരുത്തുന്നതു സംബന്ധിച്ച് പിന്നീട് ഏതെങ്കിലും അപേക്ഷ സമർപ്പിക്കുന്നവെങ്കിൽ അത് ടിയാൻ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ 5 വർഷത്തിനകം സർക്കാർ ഉത്തരവ് (പി) നമ്പർ 45/1991/പി& എ.ആർ.ഡി. തീയതി 30.12.1999-ലെ വ്യവസ്ഥകൾക്ക് വിധേയമായി ഹാജരാക്കേണ്ടതാണ്. ടിയാളുകളുടെ സ്വഭാവവും പെരുമാറ്റവും തൃപ്തികരമാണെന്ന് പിന്നീടുള്ള പരിശോധനയിലൂടെ ഉറപ്പു വരുത്തിയാൽ മാത്രമേ ടിയാളുകൾക്ക് (3)-ൽ പറയുന്ന നിബന്ധന പ്രകാരവും മാത്രമേ റഗുലർ സർവ്വീസിൽ നിയമനത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

- 03.04.2013-ലെ ജി.ഒ.(പി) നമ്പർ 149/13/ഫിൻ പ്രകാരം ടി ഉദ്യോഗാർത്ഥികളുടെ നിയമനം നാഷണൽ പെൻഷൻ സിസ്റ്റം വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഫോറസ്റ്റ് മാനേജ്മെന്റ്) & അഡീഷണൽ
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം) അധികച്ചുമതല

<u>രജി.എ.ഡി.</u>

1. കുമാരി അനിഡ തോമസ്, ചിറയം ഹൗസ്, വടാട്ടുപാറ പി.ഒ., കോതമംഗലം, എറണാകുളം 686 681.
2. കുമാരി അനു ആർ., വടക്കുംപുറം ഹൗസ്, എരിമയൂർ പി.ഒ., പാലക്കാട് ജില്ല 678 546.

<u>പകർപ്പ്:</u>

1. അഡീഷണൽ ചീഫ് സെക്രട്ടറി, വനം വന്യജീവി വകുപ്പ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
2. സർവ്വീസ് ബുക്ക് / സ്റ്റോക്ക് ഫയൽ.